"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

നികുതി വകുപ്പ് - രജിസ്ട്രേഷൻ - സബ് രജിസ്ട്രാർ ഓഫീസുകൾ കേന്ദ്രീകരിച്ചുള്ള പൗരാവകാശ രേഖ പ്രകാരമുള്ള മോണിറ്ററിംഗ് കമ്മിറ്റി പുനഃസംഘടിപ്പിച്ച് ജനകീയ സമിതി രൂപീകരിക്കുന്നതിന് രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന് അനുമതി നൽകി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

**നികുതി (ജെ) വകുപ്പ്**

സ.ഉ.(സാധാ) നം.173/2025/TAXES തീയതി,തിരുവനന്തപുരം, 25-02-2025

പരാമർശം:-

1. 26.07.2008 തീയതിയിലെ G.O(Rt) No. 703/2008/TD നമ്പർ സർക്കാർ ഉത്തരവ്
2. ബഹു. രജിസ്ട്രേഷൻ, മ്യൂസിയം, പുരാവസ്തു, പുരാരേഖ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 15.01.2025 ന് നടന്ന അവലോകന യോഗത്തിന്റെ നടപടിക്കുറിപ്പ്
3. രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന്റെ 30.01.2025 തീയതിയിലെ IGR/410/2025-E8 നമ്പർ കത്ത്

**ഉത്തരവ്**

സബ് രജിസ്ട്രാർ ഓഫീസുകൾ കേന്ദ്രീകരിച്ചുള്ള ജനകീയ സമിതികൾ പുനഃസംഘടിപ്പിക്കുന്നതിനായി പരാമർശം (2) പ്രകാരം തീരുമാനിക്കുകയും പരാമർശം (3) പ്രകാരം രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ സർക്കാരിലേക്ക് ഇത് സംബന്ധിച്ച് പ്രപ്പോസൽ സമർപ്പിക്കുകയും ചെയ്തിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (1) ഉത്തരവിന്റെ അടിസ്ഥാനത്തിൽ രൂപീകരിച്ചിട്ടുള്ള പൗരാവകാശരേഖ പ്രകാരമുള്ള മോണിറ്ററിംഗ് കമ്മിറ്റി പുന:സംഘടിപ്പിച്ച് ചുവടെ ചേർക്കുന്ന ഘടനയിൽ ഒരു ജനകീയ സമിതി രൂപീകരിക്കുന്നതിന് രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന് അനുമതി നൽകി ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. കൺവീനർ - സബ് രജിസ്ട്രാർ
2. ചെയർമാൻ - സ്ഥലം എം.എൽ.എ
3. അംഗങ്ങൾ - സബ് രജിസ്ട്രാർ ഓഫീസ് പരിധിയിലെ മേയർ/മുൻസിപ്പൽ ചെയർമാൻ/ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് , നിയമസഭയിൽ അംഗത്വമുള്ള രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ, സബ് രജിസ്ട്രാർ ഓഫീസ് സ്ഥിതി ചെയ്യുന്ന സ്ഥലത്തെ ജില്ലാ പഞ്ചായത്ത് മെമ്പർ, ബ്ലോക്ക് മെമ്പർ, ഗ്രാമപഞ്ചായത്ത് മെമ്പർ/മുൻസിപ്പൽ കൗൺസിലർ, സബ് രജിസ്ട്രാർ ഓഫീസ് സ്ഥിതി ചെയ്യുന്ന സ്ഥലത്തെ സർവീസ് സഹകരണ ബാങ്ക് പ്രസിഡന്റ്,

സബ് രജിസ്ട്രാർ ഓഫീസ് സ്ഥിതി ചെയ്യുന്ന സ്ഥലത്തെ ആധാരമെഴുത്തുകാരുടെ ഒരു പ്രതിനിധി, സർക്കാർ നോമിനേററ് ചെയ്യുന്ന ഒരു SC/ST പ്രതിനിധി, സർക്കാർ നോമിനേററ് ചെയ്യുന്ന ഒരു വനിതാ പ്രതിനിധി.

3) എം.എൽ.എ യുടെ അഭാവത്തിൽ അദ്ധ്യക്ഷത വഹിക്കുന്നത് യഥാക്രമം മേയർ/മുൻസിപ്പൽ ചെയർമാൻ/ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്, ഓഫീസ് സ്ഥിതിചെയ്യുന്ന സ്ഥലത്തെ ജില്ലാ പഞ്ചായത്ത് മെമ്പർ, ബ്ലോക്ക് മെമ്പർ, ഗ്രാമപഞ്ചായത്ത് മെമ്പർ/മുൻസിപ്പൽ കൗൺസിലർ എന്നിവർ ആയിരിക്കണമെന്നും എല്ലാ മൂന്നാംശനിയാഴ്ചയും യോഗം ചേരേണ്ടതാണെന്നും, മിനിട്ട്സ് ബുക്ക് ഉണ്ടായിരിക്കേണ്ടതും അജണ്ട അദ്ധ്യക്ഷന്റെ അനുമതിയോടെ മുൻകൂട്ടി യോഗത്തിൽ അവതരിപ്പിക്കേണ്ടതാണെന്നും കൂടി ഇതിനാൽ നിഷ്കർഷിക്കുന്നു.

4) ജനകീയ സമിതികൾ പുനഃസംഘടിപ്പിക്കുന്ന നടപടികൾ 2025 മാർച്ച് 31 -നകം പൂർത്തീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പ്രമോദ് എം വി
ജോയിന്റ് സെക്രട്ടറി

രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ, തിരുവനന്തപുരം.
നികുതി (ഇ) വകുപ്പ്
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Sabu Thomas T
Date: 25-02-2025 17:27:24
സെക്ഷൻ ഓഫീസർ